കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് 10.01.2012

# കവിതയെ ജനമദ്ധ്യത്തിലെത്തിച്ച് കവിയെ ആദരിക്കണം: പ്രൊഫ.വസന്തൻ

തൃശൂർ: ഒരു കവിയെ ബഹുമാനിക്കേണ്ടത് അദ്ദേഹത്തിന്റെ കവിതകൾ ജനമദ്ധ്യത്തിലെത്തിച്ചുകൊണ്ടായിരിക്കണമെന്ന് പ്രൊഫ. എസ്.കെ. വസന്തൻ പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവത്തിലെ അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിൽ ചങ്ങമ്പുഴ അനുസ്മരണപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ചങ്ങമ്പുഴയുടെ പ്രശസ്തമായ കവിതകൾ ലഘുഗ്രന്ഥങ്ങളാക്കി കേരളത്തിലുടനീളം സൗജന്യമായി വിതരണം ചെയ്യണമെന്ന നിർദേശം മുന്നോട്ടുവച്ചു. ചങ്ങമ്പുഴയുടെ ഏതാനും കവിതകളുടെ കയ്യെഴുത്തുപ്രതികൾ ഇടപ്പിള്ളി ചങ്ങമ്പുഴ സ്മാരകവായനശാലയിലുണ്ട്. ഉടൻതന്നെ അത് അക്കാദമി ശേഖരിച്ച് സംരക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ചങ്ങമ്പുഴയുടെ കവിതയുടെ കയ്യെഴുത്തുപ്രതികൾ വായനശാലയുമായി ബന്ധപ്പെട്ട് അക്കാദമിഅപ്പൻതമ്പുരാൻ സ്മാരകവായനശാലയിൽ സംരക്ഷിക്കുവാൻ വേണ്ട നടപടികൾ ഉടൻതന്നെ സ്വീകരിക്കുമെന്ന് കേരള സാഹിത്യ അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ 'പ്രകൃതിചികിത്സ', 'ഗുരുദേവദർശനം' എന്നീ പുസ്തകങ്ങളുടെ പ്രകാശനം ഡോ.കെ.അരവിന്ദാക്ഷൻ നിർവഹിച്ചു. പ്രൊഫ. ടി.ആർ. ഹാരി പുസ്തകങ്ങൾ സ്വീകരിച്ചു. ഡോ. കെ. മുരളി പുസ്തകപരിചയം നടത്തി. ഡോ. പ്രസാദ്, കെ.എച്ച്. സിറാജുദ്ദീൻ എന്നിവർ സംസാരിച്ചു.തുടർന്ന് കേരളകലാമണ്ഡലം വിദ്യാർത്ഥികൾ നൃത്തനൃത്യങ്ങൾ അവതരിപ്പിച്ചു.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി

കേരള സാഹിത്യ അക്കാദമി

അറിയിപ്പ്

# പ്രദീപ് സോമസുന്ദരത്തിന്റെ പാട്ടരങ്ങ്

തൃശൂർ: ജനുവരി 12ന് നടക്കുന്ന കേരള സാഹിത്യ അക്കാദമിയുടെ ദേശീയ പുസ്തകോത്സവത്തിന്റെ സമാപനസമ്മേളനത്തിൽ കലാസാഹിത്യമത്സരത്തിൽ സമ്മാനിതരായ വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിക്കും. തുടർന്ന് നടക്കുന്ന പാട്ടരങ്ങിന് പ്രശസ്ത പിന്നണിഗായകനും മേരിആവാസ് സുനോ ജേതാവുമായ പ്രദീപ് സോമസുന്ദരം നേതൃത്വം നൽകും.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി